## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4705 — 22.03.2018 ൽ മറുപടിക്ക്

### പുതിയ വ്യവസായങ്ങൾ കൊണ്ടുവരുവാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. എസ്. ശിവകുമാർ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. കെ. എസ്. ശബരീനാഥൻ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്നതിനും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിങ്ങിൽ കേരളത്തെ മുന്നിലേക്ക് കൊണ്ടുവരുന്നതിനും സ്വീകരിച്ച നടപടികൾ ഫലവത്തായി എന്ന് കരുതുന്നുണ്ടോ; | (എ) | സംസ്ഥാനത്തെ വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തിയും നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ടും "ഈസ് ഓഫ് ഡൂയിങ് ബിസിനസ്" നടപ്പിലാക്കിവരുന്നു.<br>സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകുന്നതിന് നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ടത് അനിവാര്യമാണെന്ന് ഇതുസംബന്ധിച്ച് നടത്തിയ പഠനങ്ങളിലും ചർച്ചകളിലും വ്യക്തമായി. തുടർന്ന് ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഏഴ് (7) നിയമങ്ങളിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിക്കുകയും പ്രസ്തുത നിയമ ഭേദഗതികൾ "The Kerala Investment Promotion & Facilitation Bill, 2018" എന്ന പേരിൽ ഒരു ഏകീകൃത ബില്ലായി നിയമസഭയുടെ മുമ്പാകെ അവതരിപ്പിക്കുകയും അത് ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലുമാണ്.<br>വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും സമയ ബന്ധിതമായ |

| | | | |
|---|---|---|---|
| | | | അനുമതി ലഭിക്കേണ്ടതുണ്ട്. അതിനായി ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകളിൽ നിന്നും സമയബന്ധിതമായി അനുമതി നൽകുന്നത്, self certification deemed approval എന്നിവയുള്ള വ്യവസ്ഥകളും ചേർത്തിട്ടുണ്ട്.<br>സംസ്ഥാനത്ത് വാണിജ്യ വ്യവസായങ്ങൾ സുഗമമായി നടപ്പാക്കുവാൻ വേണ്ടി വിവിധ വകുപ്പുകളുടെ അപേക്ഷ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം രൂപകല്പന ചെയ്തിട്ടുണ്ട്. സംസ്ഥാനത്തു നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായി സമയപരിധിക്കുള്ളിൽ നടപ്പിലാക്കുന്നതിന് G.O (Ms) No. 100/17/ID Dated. 12.10.2017 പ്രകാരം ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ഫെസിലിറ്റേഷൻ സെൽ (IPFC) സംസ്ഥാന തലത്തിലും ജില്ലാതലത്തിലും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.<br>വ്യവസായങ്ങൾ തുടങ്ങാൻ അനുമതികൾ നൽകേണ്ടതായ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥ പ്രതിനിധികൾ അടങ്ങുന്നതാണ് ഈ സെൽ. ഇപ്രകാരം നടപടിക്രമങ്ങൾ സരളമാക്കിക്കൊണ്ട് അതിവേഗം അനുമതികൾ ലഭ്യമാക്കുക വഴി സംസ്ഥാനത്ത് ഒരു നവ വ്യവസായ കേരളം സൃഷ്ടിക്കുവാനും അതുവഴി കേരളത്തെ വ്യാവസായികമായി മുന്നിലേക്ക് കൊണ്ടുവരുന്നതിനും ഉതകുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. |
| (ബി) | ലൈറ്റ് മെട്രോ പ്രോജക്ടുകളുടെ ചുമതലയിൽ നിന്നും ഡി.എം.ആർ. സി,യെയും ഇ.ശ്രീധരനെയും ഒഴിവാക്കുന്നത് നമ്മുടെ സംസ്ഥാനത്തേക്ക് പുതിയ | (ബി) | ലൈറ്റ് മെട്രോ പ്രോജക്ടുകളുടെ ചുമതലയിൽ നിന്നും ഇ. ശ്രീധരനെ ഒഴിവാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | വ്യവസായങ്ങൾ വരുന്നതിന് തടസ്സമാകുമെന്ന് കരുതുന്നുണ്ടോ; | | |
| (സി) | നോക്കുകൂലി ഭരണഘടനാ വിരുദ്ധമാണെന്ന് ഹൈക്കോടതി വിധി ഉണ്ടായിരുന്നിട്ടും ആയത് തുടരുന്നത് സംസ്ഥാനത്തേക്ക് പുതിയ വ്യവസായ സംരംഭകർ വരുന്നതിനെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | "നോക്കുകൂലി" വ്യവസായങ്ങൾ ആരംഭിക്കുന്നതിനോ നിക്ഷേപകരെ ആകർഷിക്കുന്നതിനോ തടസ്സമാണെന്നോ ആയതുമൂലം ഏതെങ്കിലും വ്യവസായങ്ങൾ പൂട്ടിപോയതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. "നോക്കുകൂലി" സംബന്ധിച്ച വിഷയത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08.03.2018 ൽ വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ ചുമട്ടുതൊഴിലാളി മേഖലയിലെ അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി "മെയ് 1 മുതൽ നോക്കുകൂലി സമ്പൂർണ്ണമായി അവസാനിപ്പിച്ചുകൊണ്ട് " പൊതുവായ തീരുമാനം എടുത്തിട്ടുണ്ട്. |

Bindhu T

**സെക്ഷൻ ഓഫീസർ**